## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **07.11.2019-ൽ മറുപടിക്ക്**

**ചോദ്യം നം.3236**

## മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളെയും രക്ഷിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, എം. വിൻസെന്റ്<br>,, കെ.സി.ജോസഫ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | കേരള തീരത്ത് മത്സ്യലഭ്യത വർഷംതോറും ഗണ്യമായി കുറയുന്നുവെന്ന സി.എം.എഫ്.ആർ.ഐ- യുടെ റിപ്പോർട്ട് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | പരിഗണിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യസമ്പത്ത് കുറയുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | മത്സ്യസമ്പത്ത് കുറയുന്നതിന്റെ പ്രധാന കാരണങ്ങൾ വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദവും ചെറുമീനുകളെ പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജല മലിനീകരണം, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ്. അതോടൊപ്പം ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും ഒരു പരിധിവരെ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമായിട്ടുണ്ട്. |
| (സി) | മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി നിരവധി നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി KMFR ആക്ടിൽ ഭേദഗതി വരുത്തുകയും, പുതിയ KMFR ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു വരുന്നു.ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തു. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | 20 മീറ്ററിന് മുകളിൽ നീളവും 250 HP-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) ലൈസൻസ് നിരോധിച്ചു. കേരളതീരത്ത് സുലഭമായ 58 ഇനം മത്സ്യയിനങ്ങൾക്ക് പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും നടപ്പിലാക്കുകയും ചെയ്തു. KMFR നിയമം ലംഘിക്കുന്ന യാനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. ഇത്തരം നടപടികളിലൂടെ 2016-17 വർഷത്തെ 4.89 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2018-19 വർഷം 6.09 ലക്ഷം മെട്രിക് ടൺ ആയി സമുദ്ര മത്സ്യ ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്. ട്രോൾബാൻ കാലാവധി 2018 വർഷം മുതൽ 47 ൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നവീകരണ മത്സ്യബന്ധന രീതികളായ പഴ്സീൻ, പെലാജിക് ട്രോൾ,മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവയും ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷവും മറ്റ് രാസവസ്തുക്കളും കലർത്തിയുള്ള മത്സ്യബന്ധനം, 12 വാട്ട് സിൽ കൂടുതലുള്ള പ്രകാശമുപയോഗിച്ചുള്ള മത്സ്യബന്ധനം, തെങ്ങിന്റെ ക്ലാഞ്ഞിൽ, സൂക്ഷ്മ ശിഖരങ്ങൾ കൂട്ടിക്കെട്ടിയും പ്ലാസ്റ്റിക് കുപ്പികൾ കൂട്ടിക്കെട്ടിയും ഉപയോഗശൂന്യങ്ങളായ വലകൾ കൂട്ടിക്കെട്ടിയുമൊക്കെയുള്ള മത്സ്യബന്ധനം എന്നിവ പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. |
| (ഡി) | പതിനാല് ഇനം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യത്തിൽ കൂടുതൽ കർശന നടപടി സ്വീകരിക്കുമോ; | (ഡി) | കേരളത്തീരത്ത് സുലഭമായ 58 ഇനം മത്സ്യഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധനയാനങ്ങൾക്കെതിരെ കർശന നിയമനടപടി സ്വീകരിച്ചു വരുന്നു. KMFR ആക്ട് പ്രകാരം കുറ്റകൃത്യം ചെയ്യുന്ന യാനങ്ങൾക്ക് പിഴ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 2.5 ലക്ഷം രൂപ പിഴ ഈടാക്കുന്ന വിധത്തിലാണ് നിയമഭേദഗതി. |

| | | | |
|---|---|---|---|
| ഇ) | നിലവിലുള്ള നിയമങ്ങൾ കർശനമാക്കിയും പുതിയ നിയമങ്ങൾ ആവശ്യമുണ്ടെങ്കിൽ കൊണ്ടുവന്നും മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളെയും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്ത് അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR ആക്ടിൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം സംസ്ഥാനത്തെ അശാസ്ത്രീയ മത്സ്യബന്ധനത്തിലേർപ്പെടുന്നവരെ പിടികൂടുന്നതിനായി മറൈൻ ജില്ലകളിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ഹാർബറുകൾ കേന്ദ്രീകരിച്ചും കടലിലും ശക്തമായ പരിശോധന നടത്തുകയും KMFR ആക്ട് ലംഘിക്കുന്നവർക്ക് എതിരെ നിയമാനുസൃത നടപടികളും സ്വീകരിച്ചു വരുന്നു. പുതുക്കിയ KMFR ആക്ടിൽ നിഷ്കർഷിച്ച പ്രകാരമുള്ള വർദ്ധിച്ച പിഴ ഈടാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**